# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *216

09.03.2018-ൽ മറുപടിയ്ക്ക്.

## ക്ഷീര മേഖലയുടെ ആധുനികവത്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡി.കെ. മുരളി<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. കെ. ബാബു | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീര മേഖലയുടെ ആധുനികവത്ക്കരണത്തിനും അതുവഴി യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കറവപശുക്കളെ വിതരണം ചെയ്യുന്ന മിൽക്ക് ഷെഡ് വികസന പദ്ധതിയിൽ അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനത്തെ പ്രതിരോധിക്കുന്നതിനുള്ള ആധുനിക കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിന് ക്ഷീരകർഷകർക്ക് ഒരു ലക്ഷം രൂപ വീതം നൽകുന്നു. കറവ മാടുകളോടൊപ്പം അതിന്റെ ഉടമകളായ കർഷകരേയും കുടുംബത്തിലെ അംഗങ്ങളെയും ഇൻഷ്വർ ചെയ്യുന്ന പുതിയ പദ്ധതി ഈ വർഷം നടപ്പിലാക്കിയിരിക്കുകയാണ്. 20 പശുക്കളടങ്ങുന്ന ഹൈ-ടെക്ക് ഡയറി ഫാം തുടങ്ങുന്നതിനുള്ള പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഹൈ-ടെക്ക് രീതിയിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനുള്ള ഹൈഡ്രോപോണിക് മെഷീനുകൾ കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ക്ഷീര സഹകരണ സംഘങ്ങളിൽ ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റുകളും ഇൻഫർമേഷൻ കിയോസ്കുകളും സ്ഥാപിക്കുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്. ക്ഷീരസഹകരണ സംഘങ്ങളുടെ ജിയോമാപ്പിംഗ് പദ്ധതി പൂർത്തിയായി വരുന്നു. ക്ഷീരസംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്.<br>ഇൻഷ്വറൻസ് പരിരക്ഷയും ആം ആദ്മി ബീമായോജന വഴി ക്ഷീരകർഷകരുടെ മക്കൾക്ക് പ്രതിവർഷ സ്കോളർഷിപ്പ്, കറവ മാടുകൾക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ, ദത്തെടുത്ത കിടാരികൾക്ക് കാലിത്തീറ്റയും സൗജന്യ ഇൻഷ്വറൻസും, ബയോഗ്യാസ് പ്ലാന്റ്, തൊഴുത്ത് |

നിർമ്മാണം എന്നിവയ്ക്ക് ധനസഹായം, കുറഞ്ഞ നിരക്കിൽ മൃഗ ചികിത്സയും മരുന്നും, പാരമ്പര്യ മൃഗചികിത്സ, സൗജന്യ വന്ധ്യതനിവാരണ ക്ലിനിക്കുകൾ, അകിടുരോഗ നിർണ്ണയ നിവാരണ പദ്ധതികൾ, ബാങ്ക് ലോൺ പലിശ സബ്സിഡി, റിവോൾവിംഗ് ഫണ്ട്, ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി കാറ്റിൽ ഷെഡ് / ഫാം നവീകരണത്തിന് ധനസഹായം എന്നിവ നൽകി വരുന്നു. കർഷകരെ സംരക്ഷിക്കുന്നതിനായി എല്ലാ പത്തുദിവസം കൂടുമ്പോഴും പാൽവില കൃത്യമായി ക്ഷീരസംഘങ്ങൾക്ക് കൈമാറുകയും മിൽമയുടെയും മേഖല യൂണിയനുകളുടെയും പ്രവർത്തന ലാഭം പ്രോത്സാഹനവിലയായും കാലിത്തീറ്റ സബ്സിഡിയായും അതതു സമയങ്ങളിൽ ക്ഷീരസംഘങ്ങൾക്ക് കൈമാറുകയും ചെയ്തുവരുന്നു. അതോടൊപ്പം മിൽമ വിൽക്കുന്ന ഓരോ ലിറ്റർ പാലിൽ നിന്നും 31 പൈസ വീതം ക്ഷീര കർഷക ക്ഷേമനിധിയിൽ നിക്ഷേപിച്ചുവരുന്നു.

(ബി) ഇതിന്റെ ഭാഗമായി ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി) സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാൻ ക്ഷീര വികസന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുതായി ക്ഷീരസഹകരണ സംഘങ്ങൾ രൂപീകരിക്കുക, പ്രവർത്ത നരഹിതമായ ക്ഷീരസഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുക, മാനേജീരിയൽ ഗ്രാന്റ്, ഏകീകൃത സോഫ്റ്റ് വെയർ, ക്ഷീരസംഘങ്ങളുടെ ജിയോ മാപ്പിംഗ് എന്നിവ നടപ്പിലാക്കി വരുന്നു.

സാധ്യതയുള്ള ക്ഷീര സംഘങ്ങളിൽ മിൽമയുടെ മേഖലായൂണിയനുകൾ ഉൽപന്നങ്ങൾ ഹോൾ സെയിൽ നിരക്കിൽ നൽകിക്കൊണ്ട് വിൽപ്പന നടത്തുന്നതിനായുള്ള വിപണന കേന്ദ്രങ്ങൾ നടത്തി വരുന്നു. യഥാസമയം കുത്തിവയ്പ്പിനാവശ്യമായ കൃത്രിമബീജധാനസെന്ററുകൾ എറണാകുളം, മലബാർ യൂണിയനുകൾ സംഘങ്ങളുമായി ബന്ധപ്പെടുത്തി നടത്തുകയും കർഷകരുടെ വീട്ടിലെത്തി കുത്തിവയ്പ്പ് സൗകര്യങ്ങൾ നൽകി വരികയും ചെയ്യുന്നു. ക്ഷീര കർഷകർക്ക് ആവശ്യമായ പച്ചപ്പുല്ല്, വൈക്കോൽ എന്നിവ ക്ഷീരസംഘങ്ങൾ കർഷകർക്ക് ആവശ്യാനുസരണം എത്തിച്ചു നൽകുന്നു.

**സെക്ഷൻ ഓഫീസർ**